(3) വള്ളത്തൊഴിലാളികളുടെ ക്ഷേമനിധി

ശ്രീ. ടി ജെ. ആഞ്ചലോസ് : സർ, നമ്മുടെ സംസ്ഥാനത്ത് വലിയ കേവു വള്ളങ്ങളിൽ പണി എടുക്കുന്ന തൊഴിലാളികളിൽ പലരും പണി എടുക്കുന്നതിനിടയിൽ അപകടമരണമടയാറുണ്ട്. കായലിൽ കാലാവസ്ഥ പ്രതികൂലമാകുന്ന ഘട്ടത്തിൽ പലപ്പോഴും അപകടങ്ങൾ സംഭവിക്കാറുണ്ട്. അത്തരത്തിൽ പണി എടുക്കുന്ന തൊഴിലാളികൾക്ക് ഇതുവരെ ഒരു ക്ഷേമപദ്ധതിയും ആവിഷ്ക്കരിച്ചിട്ടില്ല. ദുർബല ജനവിഭാഗങ്ങൾക്കുവേണ്ടി ഒട്ടനേകം ക്ഷേമപദ്ധതികൾ ആവിഷ്ക്കരിച്ചിട്ടുള്ള ഈ ഗവൺമെൻറ്, സാധനങ്ങൾ വള്ളത്തിൽ കയറ്റി വ്യാപാര കേന്ദ്രങ്ങളിലേക്ക് കൊണ്ടുചെന്നെത്തിക്കുന്ന ഈ പാവപ്പെട്ട വള്ളത്തൊഴിലാളികളുടെ ക്ഷേമത്തിനുവേണ്ടി അടിയന്തിര നടപടി സ്വീകരിക്കണമെന്ന് ബഹുമാനപ്പെട്ട തൊഴിൽവകുപ്പു മന്ത്രിയോട് ഞാൻ അഭ്യർത്ഥിക്കുന്നു.

തൊഴിൽവകുപ്പുമന്ത്രി (ശ്രീ. കെ. പങ്കജാക്ഷൻ) : സർ, വള്ളത്തൊഴിലാളികൾക്ക് ഒരു പ്രത്യേക ക്ഷേമനിധി രൂപീകരിക്കണമെന്ന ആവശ്യമാണ് ബഹുമാനപ്പെട്ട മെമ്പർ ഇവിടെ ഉന്നയിച്ചത്. വള്ളത്തൊഴിലാളികൾ സംസ്ഥാനത്തൊട്ടാകെ ആയിരത്തിൽ താഴെ മാത്രമാണുള്ളത്. ആയിരത്തിൽ താഴെ മാത്രം തൊഴിലാളികൾ ഉള്ളതുകൊണ്ട് അവർക്ക് ഒരു പ്രത്യേക ക്ഷേമനിധി പ്രാവർത്തികമല്ല.....(ബഹളം)..... ... .

സർ, അവരിൽനിന്ന് വിഹിതമെടുത്താലും സംസ്ഥാന ഗവൺമെൻറിന്റെ വിഹിതം ചേർത്താലും ഉദ്യോഗസ്ഥൻമാർക്ക് ശമ്പളം കൊടുക്കാൻതന്നെ തികയുകയില്ലാത്ത ഒരു അവസ്ഥ ഉണ്ടാകുമെന്നുള്ളത് പരിഗണിച്ചാണ് ഒരു പ്രത്യേക ക്ഷേമനിധി ഏർപ്പെടുത്താൻ ഗവൺമെൻറ് തയ്യാറാകാത്തത്. എന്നാൽ ഈ തൊഴിലാളികൾക്ക് കേരള ആർട്ടിസാൻസ് ആൻറ് സ്കിൽഡ് വർക്കേഴ്സ് വെൽഫയർ ഫണ്ടിൽ അംഗങ്ങളാകുന്നതിന് വ്യവസ്ഥ ചെയ്തിട്ടുണ്ട്. ഈ ഫണ്ടിൽനിന്ന് കൂടുതൽ ആനുകൂല്യങ്ങൾ തൊഴിലാളികൾക്ക് ലഭിക്കത്തക്ക വിധത്തിൽ ഇപ്പോൾ വ്യവസ്ഥചെയ്തു നടപടികളും സ്വീകരിച്ചിട്ടുണ്ട്.

(4) കോഴിക്കോട് സ്റ്റാൻഡേർഡ് ഫർണിച്ചർ കമ്പനിയിലെ തൊഴിൽ സ്തംഭനം

ശ്രീ. സി. പി. കുഞ്ഞ് : സർ, കോഴിക്കോട് സ്റ്റാൻഡേർഡ് ഫർണീച്ചർ കമ്പനി കഴിഞ്ഞ ഒരു വർഷത്തിലേറെയായി പൂട്ടിക്കിടക്കുകയാണ്. 150-ൽ ഏറെ തൊഴിലാളികൾ ഒരു വർഷമായി മുഴുപ്പട്ടിണിയിൽ കഴിയുകയാണ്. ഈ കമ്പനി എത്രയുംവേഗം തുറന്ന് പ്രവർത്തിക്കുകയോ സിഡ്കോയുടെ കീഴിൽ ഗവൺമെൻറ് ഏറ്റെടുത്ത് പ്രവർത്തിപ്പിക്കുകയോ ചെയ്യേണ്ടതാണ്. അടിയന്തിരമായി റംസാനും, വിഷുവും പ്രമാണിച്ച് 15ൽ-ൽ പരം തൊഴിലാളികളുടെ കുടുംബങ്ങൾക്ക് സൗജന്യ റേഷൻ അനുവദിക്കണമെന്നും ആ കമ്പനി എത്രയുംവേഗം തുറക്കാനുള്ള നടപടി കൈക്കൊള്ളണമെന്നും ഞാൻ ബഹുമാനപ്പെട്ട മന്ത്രിയോട് അപേക്ഷിക്കുകയാണ്.

LIBRARY ARCHIVES Kerala Legislative Assembly

തൊഴിൽ വകുപ്പുമന്ത്രി (ശ്രീ. കെ.പങ്കജാക്ഷൻ) : സർ, കോഴിക്കോട്ടുള്ള സ്റ്റാൻഡേർഡ് ഫർണീച്ചർ കമ്പനി കഴിഞ്ഞ വർഷം മാർച്ച് മുതൽ ലോക്കൗട്ട് ചെയ്തിരിക്കുകയാണ്. ഒരു തൊഴിൽ തർക്കത്തിന്റെ പേരിലല്ല ലോക്കൗട്ട് ചെയ്തിട്ടുള്ളത്. സാമ്പത്തികമായ കാരണങ്ങളാലും മറ്റുമാണ് ആ സ്ഥാപനത്തിൽ തൊഴിൽ സ്തംഭനം ഉണ്ടായിട്ടുള്ളത്. ബഹുമാനപ്പെട്ട മെമ്പർ ഉന്നയിച്ച ആവശ്യം സർക്കാർ ഈ സ്ഥാപനം ഏറ്റെടുത്ത് നടത്താനമെന്നുള്ളതാണ്. അത് ഇന്നത്തെ നിലയിൽ സർക്കാരിന് സാദ്ധ്യമാവുന്ന ഒരു കാര്യമല്ല. എന്നാൽ ഈ പ്രശ്നം ചർച്ചചെയ്യുന്നതിന് ഈ മാസം 18-ാം തീയതി ഒരു കോൺഫറൻസ് വിളിച്ചു കൂട്ടുന്നതിന് ഞാൻ തന്നെ നിർദ്ദേശം നൽകിയിട്ടുണ്ട്. എന്റെ നേതൃത്വത്തിൽതന്നെ കോൺഫറൻസ് ചേരുന്നതാണ്.

.... (ബഹളം)..... ....

(5) ഏറ്റുമാനൂർ മണ്ഡലത്തിലെ കുടിവെള്ളക്ഷാമം

ശ്രീ. ജോർജ്ജ് ജോസഫ് പൊടിപാറ : സർ, എന്റെ നിയോജക മണ്ഡലത്തിലെ പടിഞ്ഞാറൻ പ്രദേശങ്ങളിലെ ശുദ്ധജല ദൗർലഭ്യം ഗവൺമെൻറിന്റെ ശ്രദ്ധയിൽ കൊണ്ടുവരാനാണ് ഞാൻ ആഗ്രഹിക്കുന്നത്. പടിഞ്ഞാറൻ മേഖലകളിൽ ഒരുവസരത്തിൽ ഓരുവെള്ളം മാത്രമാണ് പ്രശ്നമായിരുന്നതെങ്കിൽ ഇന്ന് പാടശേഖരങ്ങളിൽനിന്ന് തുറന്നുവിടുന്ന രാസവളവും കീടനാശിനികളും കലർന്നവെള്ളം പ്രശ്നമായിരിക്കുകയാണ്. ശുദ്ധജലം കുടിക്കാൻ സൗകര്യമില്ലാത്ത സാഹചര്യത്തിൽ മഞ്ചാടിച്ചെരിവ് മുതലായ പ്രദേശങ്ങളിലേയ്ക്ക് വിരിപ്പുകാലം പദ്ധതിയിൽനിന്ന് ആവശ്യമായ വെള്ളം കൊടുത്ത് അവിടത്തെ പ്രശ്നം പരിഹരിക്കണമെന്ന് ഞാൻ ബഹുമാനപ്പെട്ട മന്ത്രിയോട് അഭ്യർത്ഥിക്കുകയാണ്.

....(ബഹളം).....

ജലസേചന വകുപ്പുമന്ത്രി (ശ്രീ.ബേബി ജോൺ) : സർ, ഏറ്റുമാനൂർ നിയോജകമണ്ഡലത്തിന്റെ പടിഞ്ഞാറൻ മേഖലയിൽ ഇപ്പോഴും നാല് ശുദ്ധജലവിതരണ പദ്ധതികളുണ്ട്. അവ 20 വർഷത്തോളം പഴക്കമുള്ളതാണ്. ഇപ്പോഴും അവിടെ ശുദ്ധജലത്തിന് ക്ഷാമമുണ്ട്. അതിന് പരിഹാരം കാണുന്നതിനുള്ള നടപടികളും സ്വീകരിച്ചുവരികയാണ്. ഏതാണ്ട് സമഗ്ര ഗ്രാമീണ ശുദ്ധജലവിതരണ പദ്ധതിയിൽ ഉൾപ്പെടുത്തി അയ്മനം പഞ്ചായത്ത് ഉൾപ്പെടെ 7 പഞ്ചായത്തുകൾക്ക് പ്രയോജനം ലഭിക്കത്തക്കവണ്ണം 424.9 ലക്ഷം രൂപയുടെ ഒരു പദ്ധതിക്ക് രൂപം നൽകി അതിന്റെ റിപ്പോർട്ട് പരിശോധിച്ചുവരികയാണ്.

(6) ആംപകുന്ന് ഹരിജൻ കോളനി ശുദ്ധജല വിതരണ പദ്ധതി

ശ്രീ.സി.പി.ബാലൻ വൈദ്യർ : സർ, വളരെ പ്രധാനപ്പെട്ട രണ്ട് കാര്യങ്ങളാണ് ഞാൻ ഉന്നയിക്കുന്നത്. ഒന്ന്, 5 കൊല്ലത്തോളമായി പ്രവർത്തിയാരംഭിച്ച കുന്നമംഗലം നിയോജക മണ്ഡലത്തിലെ കുന്നമംഗലം പഞ്ചായത്തിലെ ആംപ്രകുന്ന് ഹരിജൻ കോളനിയിലെ ശുദ്ധജല വിതരണ പദ്ധതി, ഇതുവരെ പൂർത്തിയാക്കി ശുദ്ധജലം കൊടുക്കാൻ സാധിച്ചിട്ടില്ല. അതിനുള്ള അടിയന്തിര നടപടി സ്വീകരിക്കണമെന്നാണ് ബഹുമാനപ്പെട്ട മന്ത്രിയോട് ഞാൻ അപേക്ഷിക്കുന്നത്. മറ്റൊരു പ്രധാനപ്പെട്ട കാര്യം ചാലിയാറിലെ റെഗുലേറ്റർ-കം-ബ്രിഡ്ജ് 10.5 കോടി രൂപയുടെ എസ്റ്റിമേറ്റ് തയ്യാറാക്കി എ. എസ്. കൊടുത്തു എന്നാണ് അറിയുന്നത്. കോഴിക്കോട് കോർപ്പറേഷനിലെ കുടിവെള്ളത്തിന്റെ

LIBRARY ARCHIVES Kerala Legislative Assembly